(ബി) 1886-ൽ നിലവിൽ വന്ന പെരിയാർ പാട്ടക്കരാർ, 1958 മുതൽ മുൻകാല പ്രാബല്യത്തോടെ 1970-ൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ, 1973-ൽ നിലവിൽ വന്ന ശിരുവാണി കുടിവെള്ള പദ്ധതിക്കരാർ എന്നീ മൂന്നു കരാറുകളാണ് തമിഴ്നാടും കേരളവും തമ്മിലുള്ള നദീജല കരാറുകൾ. തമിഴ്നാടുമായുള്ള കരാറുകളിൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുല്ലപ്പെരിയാർ കരാറിൽ 1936-ൽ വിഭാവനം ചെയ്തിട്ടുള്ള ജലസേചനത്തിനുപരിയായി പവ്വർ ജനറേഷൻ നടത്തി തമിഴ്നാട് കരാർ ലംഘിക്കുകയുണ്ടായിട്ടുണ്ട്. ശിരുവാണി കരാർ 20 വർഷം കൂടുമ്പോൾ പുതുക്കാൻ വ്യവസ്ഥയുണ്ട്. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നു. മുല്ലപ്പെരിയാർ പാട്ടക്കരാറിന്റെ കാലാവധി 999 വർഷമാണ്.

(സി) കേരളത്തിനർഹതപ്പെട്ട ജലം ചോർത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) കരാർ പ്രകാരമുള്ള ജലം പൊതുവെ കേരളത്തിനു ലഭിക്കുന്നുണ്ട്. എന്നാൽ ഈ വർഷവും മുൻവർഷവും പാലക്കാട് ജില്ലയിൽ ലഭിക്കേണ്ട വെള്ളത്തിൽ കുറവുവന്നിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കൃഷിക്ക് ആവശ്യമായ ജലം യഥാസമയം ലഭിക്കാത്തതിനാൽ കേരളത്തിലെ ചിറ്റൂർ പ്രദേശങ്ങളിലെ കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ട് കൃഷിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

*13 [43] ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, ടി. കെ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ നിർവ്വഹണ ഉത്തരവാദിത്വത്തിൽ നിന്ന് വാട്ടർ അതോറിറ്റി പിന്തിരിയാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ശുപാർശകൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുടിവെള്ളവിതരണ പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുമ്പോൾ അറ്റകുറ്റപ്പണികളും ബാദ്ധ്യതകളും ആര് ഏറ്റെടുക്കുമെന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്കും നഗരങ്ങളിലെ ശുദ്ധജലവിതരണ പദ്ധതികൾക്കും മൊത്തം എത്ര കോടി രൂപയുടെ ബാദ്ധ്യതയുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ഇ) തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ഏറ്റെടുക്കുന്നതിനും തുടർന്ന് നടത്തിക്കൊണ്ട് പോകുന്നതിനുമുള്ള ശേഷിയും സാങ്കേതിക സഹായങ്ങളും നിലവിലുണ്ടോ;

(എഫ്) പ്ലാനിംഗ് ബോർഡിന്റെ ഇപ്പോഴത്തെ നിർദ്ദേശം നടപ്പിലാക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അസോസിയേഷനുമായി ചർച്ച ചെയ്തിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) 73, 74 എന്നീ ഭരണഘടനാ ഭേദഗതി പ്രകാരം സേവനമേഖലയിൽ ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇതനുസരിച്ച് പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി പരിപാലിച്ചുപോന്നിരുന്ന പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കുടിവെള്ള പദ്ധതികൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറുന്നതിനും ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ നിന്നും പിൻമാറുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധമായ ആസൂത്രണ ബോർഡിന്റെ ശുപാർശകൾ ചുവടെ കൊടുക്കുന്നു.

1. ഒരു പഞ്ചായത്തിൽ ഒതുങ്ങി നിൽക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉടനടി കൈമാറുക.
2. ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ ഘട്ടംഘട്ടമായി 10-ാം പദ്ധതിയുടെ അവസാനത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറുക.

(സി) പദ്ധതികളുടെ നടത്തിപ്പ്, അറ്റകുറ്റപ്പണികൾ, ഗുണനിലവാര നിയന്ത്രണം, വിപുലീകരണവും മെച്ചപ്പെടുത്തലും, ഗുണഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ്ജ് ഈടാക്കൽ തുടങ്ങിയവ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലയാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ സാങ്കേതിക ഉപദേശം വാട്ടർ അതോറിറ്റി നൽകണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നും പദ്ധതിക്ക് വൻതോതിലുള്ള നവീകരണമോ മെച്ചപ്പെടുത്തലോ ആവശ്യമുണ്ടെങ്കിൽ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് വർക്ക് ആയി പ്രസ്തുത ജോലി വാട്ടർ അതോറിറ്റി നിർവ്വഹിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) നിലവിലുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെയും നഗരങ്ങളിലെ ശുദ്ധജലവിതരണ പദ്ധതികളുടെയും നടത്തിപ്പിനായി വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2003 ഡിസംബർ വരെ 135 കോടി രൂപയും അറ്റകുറ്റപ്പണികൾക്കും മറ്റു ചെലവുകൾക്കുമായി ഏകദേശം 15 കോടി രൂപയും ഉൾപ്പെടെ 150 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. കൂടാതെ എൽ.ഐ.സി-ക്ക് 2003 ഡിസംബർ 31-ാം തീയതി അടയ്ക്കേണ്ടിയിരുന്ന 23.20 കോടി രൂപ നൽകിയിട്ടില്ല. ഹഡ്കോ, എൽ.ഐ.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത തുകയിൽ ഡിസംബർ 31-ാം തീയതിയിൽ 283.45 കോടി രൂപ ലോണിനത്തിൽ കൊടുത്തുതീർക്കാനുണ്ട്. സംസ്ഥാന ഗവൺമെന്റിൽ നിന്നും ലോണെടുത്ത വകയിൽ 31-3-2003-ൽ ലോണിനത്തിൽ 568 കോടി രൂപയും പലിശയിനത്തിൽ 651 കോടി രൂപയും ബാദ്ധ്യതയായിട്ടുണ്ട്.

(ഇ) പദ്ധതികൾ ഏറ്റെടുക്കുന്നതിനും തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമെങ്കിൽ സാങ്കേതിക ഉപദേശം വാട്ടർ അതോറിറ്റി നല്കുന്നതാണ്. കൂടാതെ അടുത്ത സാമ്പത്തിക വർഷം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു എൻജിനീയറിംഗ് വിംഗ് സ്ഥാപിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(എഫ്) പ്രസ്തുത നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി പലവട്ടം വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. ആവശ്യമെങ്കിൽ സംഘടനകളുമായി ചർച്ച ചെയ്യുന്നതാണ്.

ജലവിനോദം പ്രോത്സാഹിപ്പിക്കാൻ ടൂറിസം വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ

*14 [44] ശ്രീ. ബിനോയ് വിശ്വം :

,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലവിനോദങ്ങൾ പ്രോത്സാഹിപ്പിക്കാൻ ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള ജലവിനോദങ്ങളാണ് പ്രോത്സാഹിപ്പിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly